**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5179** **12-08-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ റെയിൽവേ ഓവർ ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കാനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസറഗോഡ് ജില്ലയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കാനായി തുക അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആയതിന് അനുവദിച്ച തുകയും നിർമ്മാണ സ്ഥലവും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | (ബി) | ആയതിന് അനുവദിച്ച തുകയും നിർമ്മാണ സ്ഥലവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിയും സാമ്പത്തിക സഹായവും ആവശ്യമുണ്ടോ; | (സി) | ആവശ്യമുണ്ട് |
| (ഡി) | എങ്കിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായുള്ള കരാർ എപ്രകാരമാണെന്ന് വിശദമാക്കാമോ? | (ഡി) | ഓരോ റെയിൽവേ ഓവർ ബ്രിഡ്ജിന്റെയും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) റെയിൽവേയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ജി.എ.ഡി അംഗീകരിച്ചതിനു ശേഷം പദ്ധതിയുടെ റെയിൽവേ സ്പാൻ ഒഴികെയുള്ള ഭാഗത്തിന്റെ എസ്റ്റിമേറ്റ് ആർ.ബി.ഡി.സി.കെ.യും റെയിൽവേ സ്പാനിന്റെ എസ്റ്റിമേറ്റ് റെയിൽവേയും തയ്യാറാക്കും. തുടർന്ന് റെയിൽവേ Combined Estimate ന് അംഗീകാരം നൽകുന്നതുമാണ്. ടി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. റെയിൽവേ വർക്ക് (കോസ്റ്റ് ഷെയറിംഗ്) പ്രോഗ്രാമിൽ ഉൾപ്പെട്ട പദ്ധതികൾ ആണെങ്കിൽ പദ്ധതികളുടെ ലാന്റ് അക്വസിഷൻ ഒഴികെയുള്ള നിർമ്മാണ തുകയുടെ 50% റെയിൽവേ വഹിക്കുകയും ബാക്കി 50% സംസ്ഥാന സർക്കാരും വഹിക്കുന്നതായിരിക്കും. എന്നാൽ റെയിൽവേ വർക്ക് (കോസ്റ്റ് ഷെയറിംഗ്) പ്രോഗ്രാമിൽ ഉൾപ്പെടാത്ത പദ്ധതികളാണെങ്കിൽ പദ്ധതിയുടെ മുഴവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. കാസറഗോഡ് ജില്ലയിൽ ആർ.ബി.ഡി.സി.കെ.യെ കിഫ്ബി മുഖേന ഏൽപ്പിച്ചിട്ടുള്ള 8 റെയിൽവേ ഓവർ |

| | | | |
|---|---|---|---|
| | | | ബ്രിഡ്ജുകളും റെയിൽവേയുടെ നിലവിലെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**KIIFB Project - ROBs in Kasargod District**

| Sl. No | Name | Project Outlay (Rs. In Crore) | Location | LAC | Status |
|---|---|---|---|---|---|
| 1 | CONSTRUCTION OF KOTTIKKULAM ROB - KASARGODE | ₹ 19.60 | LC No. 280 | Udma | LA in progress |
| 2 | Beericheri ROB - ROB in lieu of LC no: 265 at Km.792/600-700 in between Payyanur and Trikaripur Railway Stations | ₹ 28.23 | LC no: 265 | Trikaripur | LA in progress |
| 3 | Construction of ROB at Kushal Nagar (LC No. 273) in Kasargode district | ₹ 34.71 | LC No. 273 | Kanhangad | LA in progress |
| 4 | Construction of ROB at Manjeswar (LC No. 291) in Kasargode district | ₹ 40.40 | LC No. 291 | Manjeshwar | KIIFB Approved |
| 5 | Construction of ROB at Edachakai-Nadakavu (LC No. 267) in Kasargode district | ₹ 32.24 | LC No. 267 | Trikaripur | LA in progress |
| 6 | Construction of ROB at Uduma (LC No. 281) in Kasargode district | ₹ 36.57 | LC No. 281 | Udma | LA in progress |
| 7 | Construction of ROB at Hosangadi (LC No. 289) in Kasargode district | ₹ 40.64 | LC No. 289 | Manjeshwar | LA in progress |
| 8 | Construction of ROB at Thrikkaripur (LC No. 266) in Kasargode district | ₹ 53.09 | LC No. 266 | Trikaripur | KIIFB Approved |

സെക്ഷൻ ഓഫീസർ